## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1357

22.03.2013ൽ മറുപടി
നൽകേണ്ടിയിരുന്നത്

## തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

ചോദ്യം
ശ്രീ.കെ.കെ.ജയചന്ദ്രൻ

ഉത്തരം
ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഏതെല്ലാം തരത്തിലുള്ള ഇൻഷ്വറൻസാ ണ് ഏർപ്പെടുത്തിയിരിക്കുന്നത്;

എ) തൊഴിലുറപ്പ് പദ്ധതിയിൽ ജോലി യിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ, ജനശ്രീ ബീമാ യോജന എന്നീ ഇൻഷ്വുറ ൻസ് പദ്ധതികളാണ് ഏർപ്പെടുത്തി യിട്ടുള്ളത്.

ബി) 2012-13 തൊഴിലുറപ്പ് ജോലിക്കിടെ എത്ര തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചു; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

ബി) 2012-13 ൽ തൊഴിലുറപ്പ് ജോലിക്കിടെ അപകട മരണം സംഭവിച്ച തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 7 |
| കൊല്ലം | 7 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 6 |
| കോട്ടയം | 0 |
| ഇടുക്കി | 6 |
| എറണാകുളം | 0 |
| തൃശൂർ | 3 |
| പാലക്കാട് | 1 |

| | |
|---|---|
| മലപ്പുറം | 0 |
| കോഴിക്കോട് | 0 |
| വയനാട് | 4 |
| കണ്ണൂർ | 3 |
| കാസർകോഡ് | 0 |
| **ആകെ** | **38** |

സി) അപകട മരണം സംഭവിച്ച തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് യഥാ സമയം ഇൻഷ്വറൻസ് തുക ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് നിർബന്ധമാക്കിയിട്ടില്ല. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് അപകടമരണമോ സ്ഥിരം അംഗവൈകല്യമോ സംഭവിച്ചാൽ, കേന്ദ്രസർക്കാർ 03.01.2014 ൽ പരിഷ്കരിച്ച I & II ഷെഡ്യൂൾ പ്രകാരം, എക്സ്ഗ്രേഷ്യയായി ആംആദ്മി ബീമായോജനയുടെ നിബന്ധന പ്രകാരമുള്ള തുകയ്ക്കോ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന തുകയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതാണ്. നിലവിലെ കേന്ദ്രസർക്കാർ വിജ്ഞാപന പ്രകാരം 25000/- രൂപയാണ് എക്സ്ഗ്രേഷ്യയായി നൽകി വരുന്നത്.

ഡി) ഓരോ ജില്ലയിലും എത്ര പേർക്ക് ഇപ്രകാരം ഇൻഷ്വറൻസ് തുക വിതരണം ചെയ്തു; വിശദാംശം നൽകാമോ?

ഡി) ബാധകമല്ല.

സെക്ഷൻ ഓഫീസർ